(സി) ഇവ നഷ്ടത്തിലാകാൻ കാരണം എന്താണ് ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 374 ഉല്പാദന യൂണിറ്റുകളും 25696 ഗ്രാമവ്യവസായ യൂണിറ്റുകളും ഉണ്ട്.

(ബി) ഖാദി ഉല്പാദക യൂണിറ്റുകൾ ലാഭനഷ്ട കണക്ക് അടിസ്ഥാനമാക്കിയല്ല പ്രവർത്തിക്കുന്നത്. അതിനാൽ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തിന്റെ സാമ്പത്തിക വിശകലനം നടത്തിയിട്ടില്ല.

(സി) മാർക്കറ്റിംഗ് രംഗത്തെ മത്സരങ്ങൾ, തൊഴിലാളികളുടെ ലഭ്യതക്കുറവ്, ആധുനികവത്ക്കരണത്തിന്റെ പരിമിതി തുടങ്ങിയ കാരണങ്ങൾ കൊണ്ട് പല യൂണിറ്റുകളുടേയും പ്രവർത്തനം മന്ദീഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. സാങ്കേതിക സഹായം ആവശ്യമായ യൂണിറ്റുകൾക്ക് ആയത് നൽകുന്നതിനും വിപണനം നടത്തുന്നതിനും ഖാദി ഗ്രാമവ്യവസായ ബോർഡ് സഹായം നൽകുന്നുണ്ട്.

ഇ-ഫയലിംഗ് സംവിധാനം

132 (477) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യവകുപ്പിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സംവിധാനത്തിന്റെ പോരായ്മകൾ സംബന്ധിച്ച് ജീവനക്കാർക്കുള്ള അഭിപ്രായം ആരായുമോ ; ഇതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇ-ഫയലിംഗ് സംവിധാനത്തിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ജീവനക്കാർക്കുള്ള അഭിപ്രായങ്ങൾ ആരാഞ്ഞ് തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly